പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 134

# 2007-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണ രഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാ സത്തിൽ നീതിയും മികവും ഉറപ്പ് വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ഭേദഗതി ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2007

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 134

# 2007-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണ രഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പ് വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ഭേദഗതി ബിൽ

973/2007.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 134

# 2007-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പ് വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ഭേദഗതി ബിൽ

2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പ് വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പ് വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ആക്റ്റ് ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തിയെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചുഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പ് വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

973/2007.

(2) ഇത് 2007 ജൂൺ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 6-ാം വകുപ്പിന്റെ ഭേദഗതി.— 2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പ് വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ആക്റ്റിലെ (2006-ലെ 19) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 6-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ, "ഫീസ് നിശ്ചയിക്കുന്നതിന്" എന്ന വാക്കുകൾക്ക് മുൻപായി "കാലാകാലങ്ങളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (5)-ാം ഉപവകുപ്പിൽ, "മൂന്ന് വർഷക്കാലത്തേക്ക്"എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2007-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചുഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പ് വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ഓർഡിനൻസ് (2007-ലെ 58) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് മുഖേന ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് മുഖേന ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചുഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പ് വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ആക്റ്റിന്റെ (2006-ലെ 19) 6-ാം വകുപ്പ്, ഫീസ് നിയന്ത്രിക്കുന്ന കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് മൂന്ന് വർഷത്തേക്ക് പ്രാബല്യത്തിലുണ്ടായിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. കാലാകാലങ്ങളിൽ ഫീസ് പുതുക്കുന്നതിനായി ഫീസ് നിയന്ത്രണ കമ്മിറ്റിയെ അധികാരപ്പെടുത്താൻ പ്രസ്തുത ആക്റ്റിൽ ഉചിതമായ വ്യവസ്ഥകൾ ഉണ്ടാക്കുന്നതിന് പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യുന്നതിനും സർക്കാർ തീരുമാനിച്ചു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽപ്പറഞ്ഞ നിർദ്ദേശത്തിന് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2007-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പ് വരുത്തുന്നതിനുള്ള

മറ്റ് നടപടികളും) ഭേദഗതി ഓർഡിനൻസ് 2007 ആഗസ്റ്റ് 2-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2007-ലെ 58-ാം നമ്പർ ഓർഡിനൻസായി 2007 ആഗസ്റ്റ് 3-ാം തീയതിയിലെ 1452-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

മേൽപ്പറഞ്ഞ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

എം. എ. ബേബി

(ശരിത്തർജ്ജമ)

# 2006-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും, പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പ് വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

(2006-ലെ 19)

** ** **

6. ഫീസ് നിയന്ത്രണ സമിതി.—(1) ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകളിലേക്കോ അല്ലെങ്കിൽ സ്ഥാപനങ്ങളിലേക്കോ ഉള്ള പ്രവേശനത്തിനു വേണ്ടി ഫീസ് നിശ്ചയിക്കുന്നതിന് താഴെ പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഫീസ് നിയന്ത്രണ സമിതി എന്ന പേരിൽ ഒരു സമിതി സർക്കാർ രൂപവൽക്കരിക്കേണ്ടതാണ്, അതായത്:—

** ** **

(5) സമിതി നിശ്ചയിച്ച ഫീസ് ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജിനോ അല്ലെങ്കിൽ സ്ഥാപനത്തിനോ മൂന്ന് വർഷക്കാലത്തേക്ക് ബാധകമായിരിക്കുന്നതാണ്. അപ്രകാരം നിശ്ചയിക്കപ്പെട്ട ഫീസ് ആ അദ്ധ്യായന വർഷം ഒരു കോളേജിലേക്കോ അല്ലെങ്കിൽ സ്ഥാപനത്തിലേക്കോ പ്രവേശനം നൽകിയ ഒരു അപേക്ഷകന് ബാധകമായിരിക്കുന്നതും പ്രസ്തുത കേളേജിൽ അല്ലെങ്കിൽ സ്ഥാപനത്തിൽ അയാൾ കോഴ്സ് പൂർത്തിയാക്കുന്നതുവരെ അത് പുതുക്കി നിശ്ചയിക്കുവാൻ പാടില്ലാത്തതുമാണ്. ധനസഹായം ലഭിക്കാത്ത യാതൊരു പ്രൊഫഷണൽ കോളേജും അല്ലെങ്കിൽ സ്ഥാപനവും അപേക്ഷകനിൽ നിന്ന് ഒരു വർഷത്തെ ഫീസിനേക്കാൾ കൂടുതലായ തുക ഫീസായി ഈടാക്കുവാൻ പാടുള്ളതല്ല. ഒരു വർഷത്തെ ഫീസിനേക്കാൾ കൂടുതലായി ഈടാക്കുന്നത്, ക്യാപിറ്റേഷൻ ഫീസ് ഈടാക്കുന്നതായി വ്യാഖ്യാനിക്കപ്പെടുന്നതും നടപടികൾക്ക് വിധേയമാക്കപ്പെടുന്നതുമാണ്.